**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 892** **14-10-2026-ൽ മറുപടിയ്ക്ക്**

**കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ അറ്റകുറ്റപ്പണികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ അറ്റകുറ്റപ്പണികൾ നടത്താത്തിനാൽ ജലവിതരണം തടസ്സപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** കല്ലട ജലസേചന പദ്ധതിയുടെ കനാലുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ മൂന്ന് വർഷം എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു;

**മറുപടി:** കെ.ഐ.പി. കനാലുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2023-24-ൽ 5.2 കോടി രൂപ അനുവദിക്കുകയും, 3.8 കോടി രൂപ ചിലവഴിക്കുകയും ചെയ്തു. 2024-25-ൽ 14.5 കോടി രൂപ അനുവദിക്കുകയും 10.5 കോടി രൂപ ചിലവഴിക്കുകയും, 2025-26-ൽ 21.34 കോടി രൂപ അനുവദിക്കുകയും 3.5 കോടി രൂപ ചിലവഴിക്കുകയും ചെയ്തു.

**(സി)** കനാലുകളുടെ കൈയേറ്റവും മാലിന്യ നിക്ഷേപവും കണ്ടെത്തിയിട്ടുണ്ടോ; കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**മറുപടി:** കാലാകാലങ്ങളായി ലഭിക്കുന്ന കനാൽ കൈയ്യേറ്റം സംബന്ധിച്ചും മാലിന്യം നിക്ഷേപിക്കുന്നത് സംബന്ധിച്ചും ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ചു വരാറുണ്ട്. കയ്യേറ്റം സംബന്ധിച്ചുള്ള പരാതികളിൽ തഹസീൽദാർ (ഭൂരേഖ) കാര്യാലയവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയം നടത്തുകയും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം ആയത് ഒഴിപ്പിക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കാറുമുണ്ട്. കനാലുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ വൃത്തിയാക്കുന്നതിന് വാർഷിക പദ്ധതി തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് നീക്കം ചെയ്യാറുണ്ട്. കൂടാതെ കനാലുകളിൽ അതിരൂക്ഷമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന ഇടങ്ങളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ചില ഇടങ്ങളിൽ മാലിന്യം കൊണ്ട് ഇടുന്നവരെ കണ്ടെത്തുന്നതിനായി ക്യാമറ സ്ഥാപിക്കുകയും, ഇത്തരത്തിൽ പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് എതിരെ ഫൈൻ ഈടാക്കി വരുന്നു.

**(ഡി)** കല്ലട പദ്ധതിയുടെ വെള്ളം കുടിവെള്ള ആവശ്യത്തിനായി ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലവിതരണം ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** കല്ലട ജലസേചന പദ്ധതിയിലൂടെയുള്ള കനാലുകളിൽ എല്ലാവർഷവും വേനൽക്കാലത്ത് ജലവിതരണം നടത്താറുണ്ട്. കനാലിലൂടെയുള്ള ഈ ജലവിതരണം മൂലം അവിടെയുള്ള കിണറുകൾ റീചാർജ് ചെയ്യപ്പെടുകയും, ആയതുമൂലം ആ പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കപ്പെടുന്നുണ്ട്.

**(ഇ)** കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ കടന്നുപോകുന്ന പ്രദേശങ്ങളിൽ കർഷകർക്ക് ആവശ്യമായ സമയത്ത് വെള്ളം ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പരാതികൾ ലഭിച്ചിട്ടുണ്ട്.

**(എഫ്)** ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ ജലവിതരണ ശൃംഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്; നിലവിൽ എത്ര ഹെക്ടർ കൃഷിഭൂമിക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്; കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി നിലവിൽ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കല്ലട ജലസേചന പദ്ധതിയുടെ പരിധിയിലുള്ള കനാലുകൾ വഴി നിലവിൽ ജലസേചന സൗകര്യം ലഭ്യമാകുന്ന 2223.45 ഹെക്ടറും, മുൻപ് കൊട്ടിയം ബ്രാഞ്ച് കനാൽ, മൈലക്കാട് ഡിസ്ട്രിബ്യൂട്ടറി എന്നിവ വഴി ജലവിതരണം നടത്തിയിരുന്ന 542 ഹെക്ടറും ചേർത്ത് ആകെ കൃഷിസ്ഥലങ്ങളുടെ വിസ്തൃതി 2765.45 ഹെക്ടറാണ്. പരവൂർ മുനിസിപ്പാലിറ്റി, ആദിച്ചനല്ലൂർ, ചാത്തന്നൂർ, ചിറക്കര, പൂതക്കുളം, കല്ലുവാതുക്കൽ, പൂയപ്പള്ളി, നെടുമ്പന, വെളിനല്ലൂർ എന്നീ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി വ്യാപിച്ച് കിടക്കുന്ന പരവൂർ ഡിസ്ട്രിബ്യൂട്ടറി, ഓയൂർ ബ്രാഞ്ച് കനാൽ, ആദിച്ചനല്ലൂർ ഡിസ്ട്രിബ്യൂട്ടറി (6540m-11340m), അനുബന്ധ ഉപവിതരണികൾ (കട്ടയിൽ, ഓയൂർ, ആദിച്ചനല്ലൂർ, പടിഞ്ഞാറ്റിൻകര, വെളിയം, മീയണ്ണൂർ, കോട്ടറ) എന്നിവ വഴിയാണ് നിലവിൽ ജലവിതരണം നടത്തുന്നത്. എന്നാൽ, ആദിച്ചനല്ലൂർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കൊട്ടിയം ബ്രാഞ്ച് കനാൽ, മൈലക്കാട് ഡിസ്ട്രിബ്യൂട്ടറി എന്നിവയുടെ പരിധിയിൽ നിലവിൽ പാടശേഖര സമിതികളോ കൃഷി ഓഫീസറോ ജലം ആവശ്യപ്പെടാത്തതിനാലും, ചാത്തന്നൂർ മണ്ഡലത്തിൽ മാത്രമായി പ്രത്യേകം അറ്റകുറ്റപ്പണികൾ നിലവിലില്ലാത്തതിനാലും, ജലവിതരണത്തിന് മുന്നോടിയായി ചാത്തന്നൂർ, കുണ്ടറ, ഇരവിപുരം നിയോജകമണ്ഡലങ്ങളിലെ കനാലുകളിലെ കാടുകൾ വെട്ടിമാറ്റുന്നതിനും ജലമൊഴുക്കിന്റെ സമയത്ത് തടസ്സമായി ഒഴുകിയെത്തുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിനുമുള്ള ശുചീകരണ-നവീകരണ പ്രവർത്തികളാണ് ഇപ്പോൾ ഈ പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നത്. നിലവിൽ ഈ പ്രദേശങ്ങളിലെ കനാലുകളുടെ അറ്റകുറ്റപ്പണികളും നവീകരണവുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | GENERAL-KIP (LB)-Reconstruction of breached flume canal in Paravur distributary at Ch. 6000 m near upasana junction in Chathanoor Panchayath. -General Civil Work. | 89,00,000/- |
| 2 | GENERAL-KIP (LB) -Action Plan 2026-27 - Clearing jungle & Removal of floating materials from Paravoor distributory from Ch. 0 to 32330 m, manning and operation of Chirakkara LI Pumps under the jurisdiction of section 30/19, Kottiyam in connection with water distribution -General Civil Work. | 14,65,000/- |
| 3 | GENERAL-KIP (LB)-Action Plan 2026-2027 Clearing jungle & Removal of floating materials of Kalluvathukkal minor from Ch. 0 to 3505 m, Chathanoor minor from Ch. 0 to 4950 m, Chathanoor thazham minor from Ch. 0 to 1820 m distributories under the jurisdiction of section 30/19, Kottiyam in connection with water distribution -General Civil Work. | 4,64,000/- |
| 4 | GENERAL-KIP (LB)-Rectification of Kalluvathukkal minor distributary between Ch 1935-2000 m-General Civil Work | 2,00,000/- |
| 5 | GENERAL-KIP (LB)-Rectification of Kalluvathukkal minor distributary betweeen Ch: 2150-2200 m-General Civil Work | 2,00,000/- |
| 6 | GENERAL-Budget - Rectification work-Urgent leak rectification work of Adichanalloor distributary between Ch 1130m &1180m,ch 2000m to 2500m in Pooyappally Grama Panchayath- General Civil Work | 15,00,000/- |
| 7 | GENERAL-Budget - Rectification work-Urgent leak rectification works of Flume in Oyoor Distributary between Ch 450 m & 500 m, and Ch 800 m & 900 m in Pooyappally Grama Panchayath-General Civil Work | 500000/- |
| 8 | GENERAL-KIP(LB)Fabrication, painting and erection of new Flush escape and cross regulator shutters in Oyur Branch Canal at Pooyappally Ch:16718m, urgent rectification work of Oyoor distributory shutter and cross regulator shutters @ tail end of Oyoor Branch canal Ch 17607 in Pooyapally panchayath.-General Mechanical Work | 17,50,000/- |
| 9 | GENERAL-ACTION PLAN 2025-26-Annual maintenance works of Adichanalloor, Veliyam, Padinjattinkara, Meeyannoor and Kottara distributaries in connection with water distribution for the year 2025-26-General Civil Work | 7,50,000/- |
| 10 | GENERAL-ACTION PLAN 2025-26-Annual maintenance works of Oyoor Branch Canal, Oyoor distributary and Kattayil distributary for the water distribution year 2025-26-General Civil Work | 8,50,000/- |
| 11 | KIP(LB)-Rectification works of Adichanalloor Distributory in | 26,00,000/- |

| | | |
|---|---|---|
| | between Ch.6870 m to 7300 m under section 29/19, Kottiyam. | |
| 12 | GENERAL-Action Plan 2026-27-KIP(LB)-Clearing jungle and annual maintenance of Adichanalloor distributory from 6540m to 11340m and removal of floating bodies in connection with water distribution under the section 29/19, Kottiyam-General Civil Work | 4,89,000/- |
| 13 | GENERAL-KIP (LB)-Action Plan 2026-27-Annual maintenance of canals Removal of floating materials, and other debris from canals and Cleaning of canals Kottiyam Branch Canal Ch: 10760 m to Ch 22360 m, Mukhathala Distributary Ch: 0 m to 3320 m, Mylakkadu Distributary Ch: 0 m to 3530 m, Koottikkada Distributary Ch: 0 m to 3476 m for ensuring smooth flow of water prior to water distribution under KIP (LB) section 28/19, Kottiyam-General Civil Work | 7,97,000/- |

സെക്ഷൻ ഓഫീസർ